ENTRI

Trusted by 1 crore students

# CURRENT AFFAIRS 29 JAN 2024


യാന്നിക് സിന്നർ


ആര്യാന സബലെങ്ക


രോഹൻ ബൊപ്പണ്ണ


രവി ശാസ്ത്രി

### ദേശീയ വർത്തമാനപത്ര ദിനം

ജനുവരി 29

- 1780 ജനുവരി 29 ന് ജെയിംസ് അഗസ്റ്റസ് ഹിക്കിയുടെ ബംഗാൾ ഗസറ്റ് പുറത്തിറങ്ങിയത് അനുസ്മരിച്ചാണ് ഈ ദിവസം ഇന്ത്യൻ പത്രദിനമായി ആചരിച്ചുവരുന്നത്.

---

### ഓസ്ട്രേലിയൻ ഓപ്പൺ 2024

**പുരുഷ സിംഗിൾസ് ജേതാവ്**

യാന്നിക് സിന്നർ

- ഫൈനലിൽ റഷ്യയുടെ ഡാനിൽ മെദ്‌വദേവിനെ പരാജയപ്പെടുത്തിയാണ് ഇറ്റലിയുടെ യാന്നിക് സിന്നർ കിരീടം സ്വന്തമാക്കിയത്.

**വനിതാ സിംഗിൾസ് ജേതാവ്**

ആര്യാന സബലെങ്ക

- ഫൈനലിൽ ചൈനയുടെ ഷെങ് ക്വിൻവെന്നിനെ നേരിട്ടുള്ള സെറ്റുകൾക്ക് അനായാസം മറികടന്നായിരുന്നു ബെലറൂസ് താരം സബലെങ്കയുടെ കിരീട നേട്ടം.

**പുരുഷ ഡബിൾസ് ജേതാക്കൾ**

രോഹൻ ബൊപ്പണ്ണ , മാത്യു എബ്ഡൻ സഖ്യം

- ഫൈനലിൽ ഇറ്റലിയുടെ സിമോൺ ബോറെല്ലി– ആന്ദ്രേ വാവസോറി സഖ്യത്തെയാണ് ഇന്ത്യയുടെ ബൊപ്പണ്ണയും ഓസ്ട്രേലിയൻ താരം മാത്യു എബ്ഡനും നേരിട്ടുള്ള സെറ്റുകൾക്കു കീഴടക്കിയത്.
- പുരുഷ ഡബിൾസിൽ രോഹൻ ബൊപ്പണ്ണയുടെ ആദ്യ ഗ്രാൻഡ്സ്ലാം കിരീടമാണിത്.ഗ്രാൻഡ്സ്ലാം കിരീടം നേടുന്ന പ്രായം കൂടിയ പുരുഷ താരമെന്ന റെക്കോർഡും ഇതോടെ ബൊപ്പണ്ണ സ്വന്തമാക്കി.

---

### ബിസിസിഐ അവാർഡ്സ് 2024 ൽ കേണൽ സി.കെ. നായിഡു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് അർഹരായവർ

ഫാറൂഖ് എഞ്ചിനിയർ , രവി ശാസ്ത്രി

---

### മികച്ച തിരഞ്ഞെടുപ്പ് നടപടികൾക്കുള്ള (ബെസ്റ്റ് ഇലക്ടറൽ പ്രാക്ടീസ്) 2023-ലെ ദേശീയപുരസ്കാരത്തിന് അർഹനായ മലയാളി

സാജു വഹീദ് (സൗത്ത് ത്രിപുര കളക്ടർ)

---

### 2024 കലിംഗ സൂപ്പർ കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ

ഈസ്റ്റ് ബംഗാൾ

- ഫൈനലിൽ ഒഡീഷ എഫ്സിയെ 3–2നു തോൽപിച്ചാണ് ഈസ്റ്റ് ബംഗാൾ കലിംഗ സൂപ്പർ കപ്പ് സ്വന്തമാക്കിയത്.